(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി&ഡി) യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) വിദേശത്ത് ജോലിയിൽ തുടരുന്നതിന് ഇപ്പോൾ 20 വർഷം വരെ അവധി അനുവദിക്കുന്നുണ്ട്. 20 വർഷങ്ങൾക്കുശേഷം വിദേശത്തുള്ള ജോലിയും അവസാനിപ്പിച്ച് റിട്ടയർമെന്റ് തീയതിയും കഴിഞ്ഞ് തിരികെ വന്ന് പെൻഷൻ ആവശ്യപ്പെടുമ്പോൾ അദ്ദേഹത്തിന്റെ സർവ്വീസ് വിവരങ്ങൾ കണ്ടെടുത്ത് പെൻഷൻ അനുവദിക്കുകയെന്നുള്ളത് വളരെ പ്രയാസകരമായതിനാൽ റിട്ടയർമെൻറിന് ഒരുവർഷം മുൻപ് ജോലിയിൽ തിരികെ പ്രവേശിച്ച് പെൻഷൻ അപേക്ഷ നൽകുന്നതാണ് ജീവനക്കാർക്കും സർക്കാരിനും നല്ലത്. അതിനാൽ ടി വ്യവസ്ഥ റദ്ദുചെയ്യാൻ ഉദ്ദേശിക്കുന്നില്ല.

16(19) പി.എസ്.സി. മുഖാന്തിരം നടത്തിയ നിയമനങ്ങൾ

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-മെയ് മാസം മുതൽ നാളിതുവരെയായി പി.എസ്.സി. മുഖാന്തിരം ആകെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട്;

(ബി) പട്ടികജാതി-പട്ടികവർഗ്ഗം, മറ്റു പിന്നോക്ക വിഭാഗങ്ങൾ എന്നീ വിഭാഗങ്ങളിൽ എത്ര പേർക്ക് നിയമനം ലഭിച്ചിട്ടുണ്ട്;

(സി) മേൽ കാലയളവിൽ എത്ര റാങ്ക് ലിസ്റ്റുകൾ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(ഡി) പ്രസ്തുത കാലയളവിൽ നിയമനത്തിനായി എത്ര പരീക്ഷകൾ പി.എസ്.സി. നടത്തിയിട്ടുണ്ട്;

(ഇ) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ നിന്നും നിയമന നടപടി ത്വരിതപ്പെടുത്തുവാൻ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2000 നവംബർ 30 വരെ 96954 പേർക്ക് പി.എസ്.സി. യിൽ നിന്നും നിയമനത്തിനുള്ള ശുപാർശ നൽകിയിട്ടുണ്ട്.

(ബി,സി,ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഒഴിവുകൾ അപ്പപ്പോൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നിയമന അധികാരികൾക്കും വകുപ്പു മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

17(20) താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ നടപടി

ശ്രീ. ആന്റണി രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly